"ഭരണഭാഷ മാതൃഭാഷ'

KHRWS

# കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റി

(ഒരു കേരള സർക്കാർ സ്ഥാപനം)

---

നമ്പർ : A4-2031/15/KHRWS

തീയതി : 31.10.2022

**ലേലം നോട്ടീസ്**

കെ എച്ച് ആർ ഡബ്ലിയു എസ് ആസ്ഥാന കാര്യാലയത്തിലെ KL-01-AL-220 മാരുതി ബെലേനോ എന്ന വാഹനം 10.11.2022 പകൽ 11 മണിക്ക് ഹെഡ് ഓഫീസിൽ വെച്ച് ലേലം ചെയ്തു കൊടുക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മതിപ്പുവിലയുടെ 10% ആയ 3500/- രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതും, കൃത്യസമയത്ത് ഹാജരാകേണ്ടതുമാണ്. ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ അവർ അടച്ച നിരതദ്രവ്യം തിരിച്ച് നൽകുന്നതുമായിരിക്കും. ലേലം താത്കാലികമായി സ്ഥിരപ്പെടുത്തിയ വ്യക്തി ലേലതുകയുടെ 10 % (നിരതദ്രവ്യം ഒഴിച്ച് ബാക്കി തുക) ചരക്ക് സേവന നികുതിയായ 18% അടവ് വരുത്തി രസീത് അന്നേ ദിവസം ഹാജരാക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയിട്ടുള്ളതായ അറിയിപ്പ് ഈ ഓഫീസിൽ നിന്നും ലഭിച്ച് കഴിഞ്ഞാൽ 7 ദിവസത്തിനകം ലേല സംഖ്യ മുഴുവനായും കെ എച്ച് ആർ ഡബ്ലിയു എസ്സിൽ കെട്ടിവയ്ക്കേണ്ടതും എത്രയും പെട്ടെന്ന് ലേലം കൈകൊണ്ടയാൾ സ്ഥലത്തുനിന്നും സ്വന്തം ചെലവിൽ വാഹനം നീക്കം ചെയ്യേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ലേലം നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ കെ എച്ച് ആർ ഡബ്ലിയു എസ്സിൽ മുതൽ കൂട്ടുന്നതും പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ കെ എച്ച് ആർ ഡബ്ലിയു എസിനു ഉണ്ടാകുന്ന നഷ്ടം മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതല്ല. യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റി വെക്കുന്നതിനും സ്ഥിരപ്പെടുത്തുന്നതിനും ഉള്ള അധികാരം കെ എച്ച് ആർ ഡബ്ലിയു എസിൽ നിക്ഷിപ്തമായിരിക്കും. ലേല നിബന്ധന സംബന്ധിച്ച എല്ലാ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ കെ എച്ച് ആർ ഡബ്ലിയു എസ് ഹെഡ് ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്. Ph: 0471-2304012

വിശ്വസ്തതയോടെ,

ഒപ്പ് /-

മാനേജിംഗ് ഡയറക്ടർ

അംഗീകാരത്തോടെ

11/11/22

സീനിയർ സൂപ്രണ്ട്

ഓഫീസ് വെബ് സൈറ്റ്

ഓഫീസ് നോട്ടീസ് ബോർഡ്

രജിസ്റ്റേർഡ് ഓഫീസ് : ജനറൽ ആശുപത്രി ക്യാമ്പസ്, റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം – 695 035
ടെലിഫോൺ : 0471 2306623, ടെലി.ഫാക്സ് : 0471 2304012, ഇമെയിൽ : mdkhrws2018@gmail.com